Email. keralarcs.coop@keralagov.in
website:-www.cooperation kerala.gov.in
Tel.No. 0471-2330726

നമ്പർ. സി.പി(2) 39694/17

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 26.8.2017

## സർക്കുലർ നംപർ 40/17

വിഷയം : മലനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 340 ന്റെ മാസ്കോ സഹകരണ തേയില ഫാകടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾ കേരളത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന വിപണനം നടത്തുന്നത്- നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന : 1) ബാങ്ക് ഭരണസമിതിയുടെ 2.8.2017 ലെ 16-ാം നമ്പർ തീരുമാനം

2) ഇടുക്കി ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 22.8.2017 ലെ സി.ആർ. പി. 4543/17 നമ്പർ കത്ത്

................

കെ 340-ാം നമ്പർ മലനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ മാസ്കോ ടീ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന വിപണനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം ഉണ്ടാകണമെന്ന് സൂചന (1) പ്രകാരം ഭരണസമിതി തീരുമാനം എടുത്ത് സൂചന (2) പ്രകാരം ശുപാർശയോടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഐ.സി.ഡി.പി ധനസഹായത്തോടെ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മാസ്കോ ടീ ഫാക്ടറിയിൽ ഉത്പ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള തേയില കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമാണ് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്.

കേരളീയരുടെ നിത്യജീവിതത്തിലേയ്ക്ക് പുതിയ രുചിയുമായി കടന്ന് വരുന്ന മലനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ 'മാസ്കോ തേയില' യുടെ പ്രചാരണവും വിപണനവും വർദ്ധിപ്പിക്കുന്നത് വഴി സഹകരണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ

കഴിയുമെന്ന് കുടി  വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, മലനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ മാസ്കോ തേയില ഫാക്ടറിയിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ വാങ്ങി, വിപണനം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഒപ്പ്
എസ്. ലളിതാംബിക .ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. ഈ ഓഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും ജോയിന്റ് രജിസ്ട്രാർക്കും, ഡെപ്യൂട്ടി രജിസ്ട്രാർക്കും.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
4. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും

പകർപ്പ്.

1. വെബ് സൈറ്റ്.
2. സഹകരണ വീഥി,
3. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സി..പി – എ)